വിത്തുതേങ്ങ സംഭരണം

158 (3442) ശ്രീ. ഇ. കെ. വിജയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ നിന്നാണ് വിത്തുതേങ്ങ സംഭരിക്കുന്നത് ;

(ബി) നടപ്പു സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ നിന്നും സംഭരിക്കുന്ന വിത്തുതേങ്ങയുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് WCT ഇനം വിത്തുതേങ്ങയും കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിന്ന് എലൈറ്റ് WCT ഇനം വിത്തുതേങ്ങയും മലപ്പുറം ജില്ലയിൽ നിന്നും കുറിയ ഇനം (MYD) വിത്തുതേങ്ങയും തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽനിന്ന് സങ്കര ഇനം വിത്തുതേങ്ങയുമാണ് കൃഷിവകുപ്പ് വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം സംഭരിക്കുന്നത്.

കൂടാതെ കുറിയ ഇനം/സങ്കരയിനം തെങ്ങിൻ തൈകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പ് വർഷം നടപ്പിലാക്കുന്ന കേരസമൃദ്ധി പദ്ധതി പ്രകാരം വയനാട് ഇടുക്കി ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിൽനിന്നും കുറിയ ഇനം/ സങ്കരയിനം വിത്തുതേങ്ങ സംഭരിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ നിന്നും നടപ്പുസാമ്പത്തിക വർഷം സംഭരിക്കുന്ന വിത്തുതേങ്ങയുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ കോഴിക്കോട് ജില്ലയിൽനിന്നുള്ള WCT ഇനം വിത്തുതേങ്ങയുടെ സംഭരണ ലക്ഷ്യം 2.05 ലക്ഷം ആയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ സംഭരിച്ച വിത്തുതേങ്ങയുടെ വിലയായ 39,52,128 രൂപ നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയ 75 ലക്ഷം രൂപയിൽ നിന്നും കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചുനൽകേണ്ടിവന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ സംഭരണ ലക്ഷ്യം നടപ്പുസാമ്പത്തിക വർഷം 0.50 ലക്ഷം WCT ഇനം വിത്തുതേങ്ങയായി കുറയുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് കുറിയ ഇനം/ സങ്കരയിനം തെങ്ങിൻ തൈകൾ കർഷകർക്കിടയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കേരസമൃദ്ധി പദ്ധതി പ്രകാരം നടപ്പുവർഷം കുറിയ ഇനം/ സങ്കരയിനം വിത്തുതേങ്ങ സംഭരണത്തിന് കൂടുതൽ ഊന്നൽ നൽകുവാനാണ് വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly